# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1007** — **05.03.2020 ൽ മറുപടിക്ക്**

### മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ്

**ചോദ്യം**
**ശ്രീ.മുരളി പെരുനെല്ലി**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| (എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിയാക്കി വികസിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ നൽകാമോ;<br>(ബി) പ്രസ്തുത എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കിഫ്ബിക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചത്; പ്രസ്തുത എസ്റ്റിമേറ്റിന് ക്ഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശംങ്ങൾ അറിയിക്കാമോ; | (എ) & (ബി) തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിയാക്കി വികസിപ്പിക്കുന്നതിന് 72 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡിപിആർ തയ്യാറാക്കി 12/12/2019-ൽ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമുള്ള അധിക വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ സമർപ്പിക്കുവാൻ കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) കിഫ്ബി നിർദ്ദേശപ്രകാരമുള്ള പുതുക്കിയ ഡിപിആർ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ